website

**No. 23/Est/2017**

## തദ്ദേശസ്വയം ഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ : ശ്രീ. പി.ആർ സജികുമാർ)

വിഷയം : തസ്വഭവ - ജീവനക്കാര്യം - ഓഫീസ് അറ്റൻഡന്റുമാർക്ക് ലോവർ ഡിവിഷൻ ക്ലർക്കായി പ്രൊമോഷൻ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന :
1) ജി.ഒ(പി) നം. 1/2014/പി&എ.ആർ.ഡി തീയതി 03.01.2014.
2) ഇ22(മിനിസ്റ്റീ.)/10003/13/സിഇ/തസ്വഭവ തീയതി 23.05.2014.
3) 26.06.2014-ലെ എ1-5300/14/സിഇ/തസ്വഭവ നമ്പർ ഉത്തരവ്

## ഉത്തരവ് നം. എ1-5300/2014/സി.ഇ/തസ്വഭവ തീയതി 23.03.2017

സൂചന (1)-ലെ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ വകുപ്പുകളിലെ താഴ്ന്ന തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് എൽ.ഡി. ക്ലർക്ക് / എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലെ 10% ഒഴിവുകളിലേക്ക് പ്രൊമോഷൻ നൽകാൻ സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ആയത് പ്രകാരം സൂചന (3)-ലെ ഉത്തരവനുസരിച്ച് നേരത്തെ സ്ഥാനക്കയറ്റം നൽകിയവരിൽ എറണാകുളം ജില്ലയിലെ ശ്രീ. ഗംഗാധരൻ. എ.കെ. 31.12.2016-ന് സർവീസിൽ നിന്ന് വിരമിച്ചിരുന്നു. ആയതിനാൽ സൂചന (2)-ലെ അന്തിമ മുൻഗണനാപ്പട്ടിക പരിഗണിച്ച് എറണാകുളം ജില്ലയിൽ ശ്രീ. പ്രഭാഷ്. ആർ-ന് 19000-43600 ശമ്പളസ്കെയിലിൽ ക്ലർക്ക് തസ്തികയിൽ സ്ഥാനക്കയറ്റം നൽകി ടിയാന്റെ പേരിനുനേരെ കൊടുത്തിരിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ താഴെപ്പറയുന്ന ഓഫീസിൽ നിയമിച്ച് ഉത്തരവാകുന്നു.

| നം. | പേരും നിലവിലുള്ള ഓഫീസ് മേൽവിലാസം | നിയമനം നൽകുന്ന ഓഫീസിന്റെ മേൽവിലാസം | പ്രൊമോഷൻ പ്രാബല്യത്തിൽ വന്ന തീയതി |
|---|---|---|---|
| 1 | ശ്രീ. പ്രഭാഷ്. ആർ<br>എൽ.എസ്.ജി.ഡി. ഡിവിഷൻ<br>എറണാകുളം | എൽ.എസ്.ജി.ഡി. സെക്ഷൻ<br>വടക്കേക്കര ഗ്രാമപഞ്ചായത്ത്<br>പറവൂർ ബ്ലോക്ക്പഞ്ചായത്ത്<br>എറണാകുളം | 01.01.2017 |

പ്രൊമോഷൻ ലഭിച്ച ജീവനക്കാരൻ ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം ജോലിയിൽ പ്രവേശിച്ചിരിക്കേണ്ടതും, അല്ലാത്തപക്ഷം സീനിയോരിറ്റി ലിസ്റ്റിൽ തൊട്ടുതാഴെയുള്ള ജീവനക്കാരന് പ്രൊമോഷൻ നൽകുന്നതുമാണ്. ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ മാത്രമേ പ്രൊമോഷൻ തസ്തികയിൽ ശമ്പള നിർണ്ണയം നടത്തുന്നതിനും മറ്റ് സാമ്പത്തിക ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കുകയുള്ളൂ.

പ്രൊമോഷൻ ലഭിച്ച ജീവനക്കാരൻ എസ്.എസ്.എൽ.സി-യോ, തത്തുല്യ യോഗ്യതാ പരീക്ഷയോ പാസ്സായിട്ടുണ്ട് എന്നും, താഴത്തെ തസ്തികയിൽ 3 വർഷം പൂർത്തിയാക്കിയിട്ടുണ്ട് എന്നും സർവീസ് ബുക്ക് പരിഗണിച്ച് ബന്ധപ്പെട്ട നിയന്ത്രണാധികാരി ഉറപ്പ് വരുത്തേണ്ടതുമാണ്. ടിയാൻ ജോലിയിൽ പ്രവേശിക്കാതിരിക്കുകയോ / നിശ്ചിത യോഗ്യതയില്ലാ

ത്തവരോ ആണെങ്കിൽ വിവരം ബന്ധപ്പെട്ട നിയന്ത്രണാധികാരി ഈ ഓഫീസിനെ അറിയിക്കേണ്ടതാണ്. പ്രൊമോഷൻ ലഭിച്ചയാൾ തസ്തികയിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായ 3 വർഷത്തിനുള്ളിൽ 2 വർഷം പ്രൊബേഷൻ പൂർത്തീകരിക്കേണ്ടതാണ്.

ടിയാൻ ജോലിയിൽ പ്രവേശിച്ച വിവരം യഥാസമയം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

പകർപ്പ്

വ്യക്തിക്ക് (ബന്ധപ്പെട്ട നിയന്ത്രണാധികാരി മുഖേന)

പകർപ്പ് :
1) അക്കൗണ്ടന്റ് ജനറൽ, കേരള - തൃശ്ശൂർ
2) ബന്ധപ്പെട്ട ട്രഷറിയ്ക്ക്
3) എക്സിക്യൂട്ടീവ് എഞ്ചിനീയർ, എറണാകുളം
4) അസി. എക്സി. എഞ്ചിനീയർ, പറവൂർ ബ്ലോക്ക്പഞ്ചായത്ത്, എറണാകുളം
5) ബിൽ / കരുതൽ ഫയൽ / ഓഫീസ് കോപ്പി
6) സീനിയോരിറ്റി സെക്ഷൻ (ബന്ധപ്പെട്ട സീനിയോരിറ്റി ലിസ്റ്റിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന്)

അംഗീകാരത്തോടെ,

**ജൂനിയർ സൂപ്രണ്ട്**
(അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ പൂർണ്ണ അധിക ചുമതല)

P 499